19 (*303) യൂറോപ്യൻ കമ്മ്യൂണിറ്റിയുടെ ധനസഹായത്തോടെ പദ്ധതികൾ

ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം.വി. ജയരാജൻ:
ശ്രീ. സി.പി. ബാലൻ വൈദ്യർ:
ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂറോപ്യൻ കമ്മ്യൂണിറ്റിയുടെ ധനസഹായ ത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാനഗവൺമെന്റ് യൂറോപ്യൻ കമ്മ്യൂണിറ്റിയുടെ ഉദ്യോഗസ്ഥരും തമ്മിൽ ചർച്ച നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതൊക്കെ പദ്ധതി കളുടെ നടത്തിപ്പിനു വേണ്ടി ധനസഹായം നൽകാൻ തയ്യാറായി എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി എന്തു തുക ധന സഹായം നൽകാൻ ധാരണ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) അരുവികളിലും തോടുകളിലും തടയണകളും ചീർപ്പുകളും നിർമ്മിച്ച് ജലസേചനത്തിന് ഉപയുക്തമാക്കുക, നദികളിൽ നിന്നും തോടുക ളിൽ നിന്നും വെള്ളം ഉയർന്ന പ്രദേശത്തിലേക്ക് പമ്പും മോട്ടോറും ഉപയോ ഗിച്ച് പമ്പു ചെയ്ത് ജലനിർഗമന തോടുകൾ വഴി കൃഷിയിടങ്ങളിലേക്ക് എത്തിക്കുക, കുളങ്ങളുടെ പുനരുദ്ധാരണം വഴി ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നീ പദ്ധതികളാണ് യൂറോപ്യൻ സാമ്പത്തിക സമൂഹ ത്തിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നത്.

(ബി) ഉണ്ട്.

(സി) പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ ജില്ലകളിലായി കുളങ്ങളുടെ പുനരുദ്ധാരണത്തിനും, തടയണ, ലിഫ്റ്റ് ഇറിഗേഷൻ എന്നീ സ്കീമുകളുടെ നിർമ്മാണത്തിനും വേണ്ടി 216 പദ്ധതി കൾക്ക് ധനസഹായം നൽകാൻ യൂറോപ്യൻ കമ്മ്യൂണിറ്റി തയ്യാറായിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനു വേണ്ടി 14.47 കോടി രൂപ ധനസഹായം നൽകാൻ ധാരണ ആയിട്ടുണ്ട്.

20 (*304) കേരള കലാമണ്ഡലം

ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ.എ. ചന്ദ്രൻ :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ജോർജ് ജെ മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലം ഒരു സർവകലാശാലയായി ഉയർത്തുവാൻ ഈ ഗവർൺമെന്റിന് പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടി ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ:

(സി) ഇതിനുള്ള നിയമനിർമ്മാണം എന്നത്തേയ്ക്ക് കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) കേരള കലാമണ്ഡലം ഒരു കല്പിത സർവകലാശാല (ഡീംഡ് യൂണിവേഴ്സിറ്റി) ആക്കണമെന്നുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഇതു സംബന്ധിച്ച് ചർച്ചകൾ നടന്നു വരികയാണ്.

(സി) നിയമനിർമ്മാണത്തെ സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള ഘട്ടം ആയിട്ടില്ല.

21 (*T-305) മത്സ്യ സംസ്കരണ വ്യവസായം

ശ്രീ. എം. ദാസൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. ജോർജ്ജ് ഫെർണാണ്ടസ് :

ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസംസ്കരണ കയറ്റുമതി വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് മത്സ്യസംസ്കരണ കയറ്റുമതി വ്യവസായം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ:

(സി) മത്സ്യസംസ്കരണകയറ്റുമതി വ്യവസായ സംരംഭകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) മത്സ്യബന്ധനം, സംസ്കരണം, പ്രീപ്രോസസിംഗ് എന്നിവയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും സാങ്കേതിക വിദഗ്ധർക്കും വേണ്ടത്ര പരിശീലനം ഇപ്പോൾ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മത്സ്യസംസ്കരണകയറ്റുമതി വ്യവസായമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly